# ഗുരുവായൂർക്ഷേത്രത്തിനു ചുറ്റുമുള്ള 75 മീറ്റർ സ്ഥലം ഏറ്റെടുക്കാനുള്ള നീക്കം അപക്വവും അശാസ്ത്രീയവുമാണ്

ഗുരുവായൂർക്ഷേത്രത്തിനു ചുറ്റും 100 മീറ്റർ സ്ഥലം പൊന്നുംവില നല്കി അക്വിസിഷൻ നടത്തിയെടുക്കുന്നതിനുള്ള ദേവസ്വം ഭരണസമിതി തീരുമാനം ക്ഷേത്രത്തിന്റെ നിലനില്പിനുതന്നെ ദോഷകരമാകുന്നതും വലിയ സാമ്പത്തികബാദ്ധ്യത വരുത്തുന്നതുമാണ്. ഭക്തജനങ്ങളുടെ സൗകര്യത്തിനും ക്ഷേത്രത്തിന്റെ അടിസ്ഥാനവികസനത്തിനും സുരക്ഷിതത്വത്തിനുമായി മുൻകാലങ്ങളിൽ പൊന്നുംവിലയും അധിക നഷ്ടപരിഹാരവും നല്കി കൈവശപ്പെടുത്തിയ ഏക്കർകണക്കിനുള്ള ഭൂമി ഇപ്പോഴും ഉപയോഗയോഗ്യമാക്കാതെ അനാഥമായി കിടക്കുകയാണ്. ഇത്തരത്തിലുള്ള അധികസാമ്പത്തികബാദ്ധ്യത ദേവസ്വത്തിന്റെ സാമ്പത്തികസുസ്ഥിരതയെ ബാധിക്കുമെന്നതിനാൽ പുതിയ അക്വിസിഷൻ നടപടികൾ വേണ്ടായെന്ന് മുൻപ് ദേവസ്വം കമ്മറ്റിതന്നെ തീരുമാനിച്ചിരുന്നതായാണ് അറിയുന്നത്. ആ തീരുമാനം കണക്കിലെടുക്കാതെ ഇപ്പോഴത്തെ ഭരണസമിതി ഏകപക്ഷീയമായി അക്വിസിഷൻനടപടിയുമായി വീണ്ടും മുന്നോട്ടുപോകുന്നത് ക്ഷേത്രത്തിന്റെ നിലനില്പിനെതന്നെ ബാധിക്കുന്നതാണ്.

ഭക്തജനങ്ങൾക്ക് ക്ഷേത്രദർശനം നടത്തുന്നതിനും വിശ്രമിക്കുന്നതിനും വേണ്ടി എല്ലാവിധ സൗകര്യങ്ങളോടും കൂടിയുള്ള ക്യൂകോംപ്ലക്സ് നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സ്ഥലത്ത്, മുൻസർക്കാരിന്റെയും ദേവസ്വം ഭരണസമിതിയുടെയും തീരുമാനങ്ങളും കോടതിവിധികളും കണക്കിലെടുക്കാതെ, ഇപ്പോഴത്തെ ദേവസ്വം ഭരണസമിതി വ്യാപാരികൾക്കുവേണ്ടി കടമുറികൾ നിർമ്മിച്ചു നല്കിയതും പുതുതായി ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ തീരുമാനിച്ചതും നിരുത്തരവാദപരവും പ്രതിഷേധാർഹവുമാണ്.

ക്ഷേത്രത്തിന്റെ കിഴക്കെനടയിൽ, ഭക്തർക്ക് ദർശനം നടത്തുന്നതുപോലും അസൗകര്യമാക്കിക്കൊണ്ടാണ് കല്യാണമണ്ഡപങ്ങൾ സ്ഥാപിച്ചത്. തിക്കും തിരക്കും മൂലം അത് ക്ഷേത്രസുരക്ഷയ്ക്കുപോലും ഭീഷണിയായിരിക്കുകയാണ്. ഇക്കാര്യം പത്രമാധ്യമങ്ങളിലൂടെ പലപ്രാവശ്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്. നേരത്തെ, 25 മീറ്റർ അക്വിസിഷനിലൂടെ ഏറ്റെടുത്ത, അമ്പലത്തിനുചുറ്റുമുള്ള ഭൂമി ഉപയോഗയോഗ്യമല്ലാതെ വെറുതെ കിടക്കുകയാണ്. ഭരണം ഈ വിധം തുടർന്നാൽ ക്ഷേത്രത്തിലെ നിത്യനിദാനംതന്നെ ബുദ്ധിമുട്ടിലാകുവാനാണ് സാധ്യത.

കഴിഞ്ഞ കുറെ വർഷങ്ങളായി ദേവസ്വം നേരിട്ട് എന്തെങ്കിലും വികസനപ്രവർത്തനങ്ങൾ നടത്തിയതായി അറിവില്ല. നവീകരണപ്രവർത്തനങ്ങളായ നാലുഭാഗത്തുമുള്ള നടപ്പുരകൾ, ഗോപുരങ്ങൾ, ഭഗവതീക്ഷേത്രം ചുറ്റമ്പലം, അന്നലക്ഷ്മീഹാൾ, കൂത്തമ്പലവികസനം, വിശേഷദിവസങ്ങളിലെ പന്തലുകൾ എന്നിവയെല്ലാം ഭക്തജനങ്ങളുടെ സംഭാവനകളാണ്.

യഥാർത്ഥത്തിൽ, ഭക്തജനങ്ങളുടെ കാണിക്കത്തുകയാണ് പുതിയ വികസനത്തിന്റെ പേരിൽ ദേവസ്വം ഭരണസമിതി ദുരുപയോഗം ചെയ്യുന്നതെന്ന കാര്യം ഓർക്കേണ്ടതുണ്ട്.

വളരെ പ്രശസ്തമായ, വിശ്വാസികൾക്ക് ആശ്രയമായ, ഗുരുവായൂരപ്പൻ കുടികൊള്ളുന്ന ക്ഷേത്രത്തിന്റെ മഹത്ത്വവും അതിന്റെ നിലനില്പും കണക്കിലെടുക്കാതെയും, ഈശ്വരവിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ആരാധനാസ്വാതന്ത്ര്യത്തിനും വിലകല്പിക്കാതെയും, വളരെ അപക്വവും നിരുത്തരവാദപരവുമായ നടപടികളുമായി മുമ്പോട്ടുപോകുന്നത് കോടിക്കണക്കിനുള്ള ഭക്തജനങ്ങളുടെ മനസ്സിന് മുറിവേല്പിക്കുന്നതാണെന്നുള്ള കാര്യം ദേവസ്വം ഭരണസമിതിയായാലും സംസ്ഥാനസർക്കാരായാലും ഓർക്കേണ്ടതുണ്ട്. അല്ലാതിരുന്നാൽ ഭക്തജനങ്ങളുടെ ശക്തമായ പ്രതിഷേധം നേരിടേണ്ടിവരും.

75 മീറ്റർ സ്ഥലം അക്വയർ ചെയ്യുമ്പോൾ, പടിഞ്ഞാറേനടയിലുള്ള ഗസ്റ്റ് ഹൗസ് നഷ്ടപ്പെടുമെന്നുള്ളതുകൊണ്ടാണ് എൻ.എസ്.എസ്. എതിർപ്പ് ഉന്നയിക്കുന്നതെന്നു വരുത്തിത്തീർക്കാൻ ചില ശ്രമങ്ങൾ നടക്കുന്നുണ്ട്. കിഴക്കേനടയിലുണ്ടായിരുന്ന എൻ.എസ്.എസ്. ഗസ്റ്റ് ഹൗസ്, 25 മീറ്റർ സ്ഥലം അക്വയർ ചെയ്തതിനോടൊപ്പം എടുത്തിട്ടുള്ളതാണ്. ആ കെട്ടിടം പൊളിച്ചുകളഞ്ഞ്, അത്രയും സ്ഥലം യാതൊരു വികസനവും നടക്കാതെ ഇപ്പോഴും കിടക്കുകയാണ്. 75 മീറ്റർ കൂടി അക്വയർ ചെയ്യുന്നപക്ഷം, പടിഞ്ഞാറെനടയിലുള്ള എൻ.എസ്.എസ്. ഗസ്റ്റ് ഹൗസും വിട്ടുകൊടുക്കേണ്ടിവരുമെന്ന് അറിയാം. അതിന്റെ പേരിലല്ല എൻ.എസ്.എസ്സിന്റെ എതിർപ്പ്. ഏറ്റെടുത്ത ഭൂമിയിൽ വികസനം നടത്താതെയിരിക്കുന്നതും, ബാക്കി ഏറ്റെടുക്കാൻപോകുന്ന ഭൂമിയുടെ വില ക്ഷേത്രത്തിന് താങ്ങാനാവാത്ത ബാധ്യത വരുത്തിവയ്ക്കുമെന്നുള്ളതുമാണ് എൻ.എസ്.എസ്. ചൂണ്ടിക്കാട്ടുന്നത്. കാരണം, ഗുരുവായൂർ ക്ഷേത്രത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അതിന് അനുകൂലവുമല്ല. ഭക്തജനങ്ങൾ വഴിപാടായി സമർപ്പിച്ചിട്ടുള്ളതും വിലമതിക്കാനാവാത്തതുമായ നിധിശേഖരം ഇതിലേക്ക് വകമാറ്റാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് ഭക്തരുടെയും ക്ഷേത്രത്തിന്റെയും വിശ്വാസത്തിന് എതിരായതിനാൽ ഒരു കാരണവശാലും അംഗീകരിക്കാവുന്നതല്ല.